I/45679/2022


**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481


നം: ADFW/3474/2020-TS1 തീയതി: 05-09-2022

**വളരെ അടിയന്തിരം**

കൃഷി ഡയറക്ടർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

സർ,

വിഷയം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി - പെൻഷൻ വിതരണം കഴിഞ്ഞ് ബാക്കി നിൽക്കുന്ന തുക – തിരിച്ചടക്കുന്നതിനു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 25.08.2022-ലെ സ.ഉ. (സാധാ) നം. 6041/ 2022/ ധന

ഗുണഭോക്താവിന്റെ മരണം മൂലമോ, മറ്റ് കാരണങ്ങളാലോ ബാക്കി നിൽക്കുന്ന കർഷക പെൻഷൻ തുകകൾ തിരിച്ചടക്കാനുള്ള അക്കൗണ്ട് ഉൾപ്പടെ മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ജില്ലകളിൽ നിന്ന് അപേക്ഷകൾ ലഭിക്കുന്നുണ്ട്.

2018 ഡിസംബർ മാസം മുതലുള്ള കർഷക പെൻഷൻ നൽകുന്നത് കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡാണ്. ആയതിനാൽ ഈ കാലയളവിൽ ഗുണഭോക്താവിന്റെ മരണം മൂലമോ, മറ്റ് കാരണങ്ങളാലോ ബാക്കി നിൽക്കുന്ന പെൻഷൻ തുക **കൃഷി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക്** തിരിച്ചടക്കേണ്ടതും അതിൽ നിന്നും സേവന പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ടറേറ്റിൽ നിന്നും തുക തിരിച്ചടക്കുന്നതുമാണ്. ഇതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. കൃഷി ഭവനിൽ ബാക്കി നിൽക്കുന്ന കർഷ പെൻഷൻ തുകയുടെ വിവരങ്ങൾ പരിശോധിച്ച്, ഗുണഭോക്താവിന്റെ പേര്, കാലയളവ്, തിരിച്ചടക്കുന്ന തുക, തിരിച്ചടക്കാനുള്ള കാരണം ഇവ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുക.

2. ഈ തുക 2018 ഡിസംബർ മാസം മുതലുള്ള കർഷ പെൻഷൻ നൽകിയതിൽ ബാക്കി നിൽക്കുന്നതാണെങ്കിൽ പ്രസ്തുത തുക കൃഷി ഡയറക്ടറുടെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്:

**അക്കൗണ്ട് നമ്പർ 38495089347**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വികാസ് ഭവൻ ശാഖ

തിരുവനന്തപുരം

IFSC code: SBIN 0070415

3. ഇതിനുശേഷം തിരിച്ചടവ് വിവരങ്ങൾ കൂടി രജിസ്റ്ററിൽ രേഖപ്പെടുത്തുക.

4. 2022 ജൂലൈ, ആഗസ്റ്റ് മാസത്തെ തിരിച്ചടവ് **14.09.2022** ന് മുമ്പ് പൂർത്തിയാക്കി കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം ജില്ലാ കൃഷി ഓഫീസർക്ക് റിപ്പോർട്ട് നൽകുക.

5. ജില്ലാ കൃഷി ഓഫീസിൽ നിന്നും തിരിച്ചടവ് സംബന്ധിച്ച ഏകീകരിച്ച പ്രതിമാസ റിപ്പോർട്ട് എക്സൽ ഫോർമാറ്റിൽ കൃഷി ഡയറക്ടറേറ്റിലേയ്ക്ക് **15.09.2022-**ന് അയച്ചു തരേണ്ടതാണ്. തിരിച്ചടവുള്ള മാസം മാത്രം ജില്ല റിപ്പോർട്ട് നൽകിയാൽ മതിയാകും.

6. ഡയറക്ടറേറ്റിൽ നിന്നും ഈ തുക സേവന പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതാണ്. കൃഷി ഓഫീസർമാർ കൃഷി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ ഒഴികെ മറ്റൊരു അക്കൗണ്ടിലോ Head of Account ലോ തുക അടയ്ക്കുവാൻ പാടില്ല. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും തുക പലിശ സഹിതം തിരിച്ചു പിടിക്കുകയും അങ്ങനെയുള്ള വീഴ്ച ഗുരുതരമായി വീക്ഷിക്കുന്നതുമാണ്.

5. എക്സൽ ഫോർമാറ്റ് റിപ്പോർട്ട് നൽകേണ്ട വിവരങ്ങൾ:

1) Sl No
2) Name of Block
3) Name of KB
4) Name of Farmer
5) Pension id
6) Refund amount
7) Pension pertaining to the month of:
8) Reason for refund
9) Remarks if any

റിപ്പോർട്ടിന്റെ ഒരു പകർപ്പ് ts1doa2020@gmail.com എന്ന ഇ-മെയിലിൽ അയക്കേണ്ടതാണ്

വിശ്വസ്തതയോടെ,

**RAJESWARI S R**
**ADDITIONAL DIRECTOR OF AGRICULTURE(EXT)**
കൃഷി ഡയറക്ടർക്കു വേണ്ടി